പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1351 02.05.2017-ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി. പയ്യന്നൂർ ഡിപ്പോ**

ചോദ്യം
ശ്രീ. സി.കൃഷ്ണൻ

ഉത്തരം
തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. പയ്യന്നൂർ ബസ് സ്റ്റാന്റിലെ പുതുതായി നിർമ്മിച്ച കെട്ടിടത്തിൽ എത്ര വാടക മുറികളുണ്ട്; അവ ലേലം ചെയ്യുന്ന നടപടികൾ ഏത് വരെയായി എന്ന് വ്യക്തമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി. പയ്യന്നൂർ യൂണിറ്റിലെ വാണിജ്യ സമുച്ചയത്തിൽ 40 കടമുറികൾ ഉണ്ട്. ഇതിൽ 28 കടമുറികൾക്ക് ലൈസൻസിയെ കണ്ടെത്തിയിട്ടുണ്ട്. ബാക്കി വരുന്ന 12 കടമുറികൾക്ക് ലൈസൻസിയെ കണ്ടെത്തുന്നതിനായി 04.05.2017 തീയതിയിൽ ലേലം /ടെണ്ടർ നടത്തുന്നതിന് തീരുമാനമായിട്ടുണ്ട്. |
| (ബി) | മുറികൾ വാടകയ്ക്ക് നൽകിയതിലൂടെ എത്ര രൂപ കെ.എസ്.ആർ. ടി.സി.യ്ക്ക് ലഭിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ; | (ബി) | നിലവിൽ 28 മുറികൾക്കായി പലിശ രഹിത സുരക്ഷിത നിക്ഷേപയിനത്തിൽ 4,13,32,800/- രൂപ (രൂപ നാലു കോടി പതിമൂന്ന ലക്ഷത്തി മുപ്പത്തി രണ്ടായിരത്തി എണ്ണൂറ് മാത്രം) ലഭിച്ചിട്ടുണ്ട്. വാടകയിനത്തിൽ പ്രതിമാസം 2,35,701/- രൂപ (രൂപ രണ്ടു ലക്ഷത്തി മുപ്പത്തയ്യായിരത്തി ഏഴുന്നൂറ്റി ഒന്ന് മാത്രം) നിലവിൽ ലഭിച്ചു വരുന്നു. |
| (സി) | പ്രസ്തുത ഡിപ്പോയ്ക്ക് പുതിയ ബസുകൾ അനുവദിക്കുന്നത് പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ നടപടികൾ ഏത് വരെയായി എന്ന് വ്യക്തമാക്കാമോ? | (സി) | ഉണ്ട്.<br>രണ്ട് സൂപ്പർ എക്സ്പ്രസ്സ് ബസുകൾ ഇന്റർ സ്റ്റേറ്റ് പെർമിറ്റ് ലഭിക്കുന്ന മുറയ്ക്ക് അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ